"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2024 തിരുവനന്തപുരം നഗരസഭ പൂർത്തിയാക്കിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവായ തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1582/2025/LSGD തീയതി,തിരുവനന്തപുരം, 24-06-2025

പരാമർശം:-
1. സ.ഉ.(സാധാ) നം 1123/2024/തസ്വഭവ തീയതി 25/06/2024
2. സ.ഉ.(സാധാ) നം 227/2025/തസ്വഭവ തീയതി 29/01/2025
3. സ.ഉ.(സാധാ) നം 627/2025/തസ്വഭവ തീയതി 06/03/2025
4. സ.ഉ.(സാധാ) നം. 3074/2025/ധന തീയതി 25/03/2025
5. സ.ഉ.(സാധാ) നം 1024/2025/തസ്വഭവ തീയതി 23/04/2025
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16/05/2025ലെ ഫിൻ4-E-120556/18 നമ്പർ കത്ത്.
7. സ.ഉ.(സാധാ) നം 5084/2025/തസ്വഭവ തീയതി 10/06/2025

<u>ഉത്തരവ്</u>

2024 ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരാമർശം (1) പ്രകാരം 2,50,15,942/- രൂപയുടെ ഭരണാനുമതി നൽകുകയും പരാമർശം (2) പ്രകാരം 1,51,86,329/- രൂപയും പരാമർശം (3) പ്രകാരം 4,22,102/- രൂപയും യഥാക്രമം അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.

2) 2024-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവടത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരസഭ പൂർത്തീകരിച്ച വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയായ 39,14,819/- രൂപ, പരാമർശം (4) ഉത്തരവിൽ അനുവദിച്ചിരുന്ന 39,15,000/- രൂപയിൽ നിന്നും പരാമർശം (5) ഉത്തരവ് പ്രകാരം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ടി തുക ലഭ്യമായത് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലായതിനാൽ തുക വിനിയോഗിക്കാൻ കഴിയാതെ വരികയും ആയത് surrender ആവുകയും തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയാതിരുന്ന 39,15,000/- രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (6) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരസഭ പൂർത്തീകരിച്ച വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരാമർശം (7) പ്രകാരം അധികധനാനുമതിയായി "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 39,14,819/- രൂപ (മുപ്പത്തിയൊമ്പത് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റിപത്തൊമ്പത് രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് തിരുവവന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എസ്.എ/ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ധനകാര്യ വകുപ്പ് (DEV-2/230/2024-Fin dated 16/06/2025)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA2/7/2024-LSGD Part(1)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ